കെ.എസ്.ഐ.ഡി.സി.യുമായും കിൻഫ്രായുമായും സഹകരിക്കുവാനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും FICCI-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വി മിഷൻ കേരള

198 (3352) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വി -മിഷൻ കേരള പദ്ധതി പ്രകാരം സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖല പ്രോത്സാഹിപ്പിക്കുന്നതിന് വനിതാ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ആർക്കാണ് ചുമതല നൽകിയിട്ടുള്ളത്?

ഉത്തരം

(എ) WE മിഷൻ വഴി വനിതാ സംരംഭകർക്ക് താഴെപ്പറയുന്ന അഞ്ചു കാര്യങ്ങൾ നൽകിവരുന്നു:

1. തുടർച്ചയായുള്ള ഉപദേശ നിർദ്ദേശ പിന്തുണ
2. വിജയകരമായ യൂണിറ്റുകൾ സന്ദർശിക്കുവാനുള്ള അവസരം.
3. സാമ്പത്തിക പിന്തുണ
4. ഇൻകുബേഷനും അടിസ്ഥാന സൗകര്യത്തിനുമുള്ള പിന്തുണ
5. വിപണനത്തിനുള്ള പിന്തുണ

(ബി) കെ.എസ്.ഐ.ഡി.സി.-ക്കാണ് ചുമതല നൽകിയിട്ടുള്ളത്.

പി.പി.പി. പദ്ധതികൾ മുഖേന പുതിയ സംരംഭങ്ങൾ

199 (3353) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 ലെ എമർജിംഗ് കേരളയുടെ ഭാഗമായി വിഭാവനം ചെയ്തിരുന്ന പി. പി. പി പദ്ധതികൾ മുഖേന പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ പുരോഗതികൾ അറിയിക്കാമോ;

(ബി) ഏതെല്ലാം സംരംഭങ്ങൾ ആരംഭിച്ചുവെന്നും അവയുടെ മുതൽമുടക്കും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly